## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6814 | 10/07/2014-ൽ മറുപടിയ്ക്ക്

### ആയുർവേദ മരുന്നുകളിൽ പ്രിസർവേറ്റീവുകൾ ചേർക്കുന്നതിന്റെ പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അരിഷ്ടം പോലുള്ള ആയുർവേദ മരുന്നുകൾ ചീത്ത യാകാതിരിക്കുന്നതിന് എന്തെല്ലാം പ്രിസർവേറ്റീവുകൾ ചേർക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത് എന്നു പറയാമോ; ഈ പ്രിസർവേറ്റീവുകൾ ശരിയായ അളവിൽ മാത്രമാണോ മരുന്നിൽ ചേർത്തിട്ടുള്ളതെന്നും അപകടകരമായ അവസ്ഥയിൽ ചേർത്തിട്ടുണ്ടോ എന്നും പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) അരിഷ്ടാസവം, എണ്ണ, നെയ്യ് എന്നീ വിഭാഗത്തിൽപ്പെടുന്ന ആയുർവേദ ഔഷധങ്ങളിൽ പ്രിസർവേറ്റീവുകൾ ചേർക്കേണ്ട ആവശ്യം ഇല്ലാത്തതിനാൽ അനുമതി നൽകാറില്ല. എന്നാൽ കഷായം, ലേഹ്യം, ടാബ്ലറ്റ്, ക്യാപ്സ്യൂൾ ഉടങ്ങിയ ആയുർവേദ മരുന്നുകളിൽ പ്രിസർവേറ്റീവ് ചേർക്കുന്നതിന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940 & റൂൾസ് 1945 ലെ റൂൾ 169 പ്രകാരം 27/10/2008 മുതൽ അനുമതി നൽകി വരുന്നുണ്ട്. ആയുർവേദ ഔഷധങ്ങളിൽ ചേർക്കാൻ അനുവദിച്ചിട്ടുള്ള പ്രിസർവേറ്റീവുകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) സോഡിയം ബെൻസോവിറ്റ് പോലുള്ള പ്രിസർവേറ്റീവുകൾ മരുന്നുകളിൽ ഉപയോഗി | ( ബി) 27/10/2008 ന് ശേഷം 369 സ്ഥാപനങ്ങൾക്ക് പ്രിസർവേറ്റിവ്സ് |

ക്കുന്നതിന് ഏതെല്ലാം ആയുർവേദ മരുന്നു കമ്പനികൾക്കും സ്ഥാപനങ്ങൾക്കുമാണ് അനുവാദം നൽകിയിട്ടുള്ളത് എന്നു പറയാമോ; ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിൽ ലൈസൻസ് കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ?

ചേർക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സോഡിയം ബെൻസോവിറ്റ് പോലുള്ള പ്രിസർവേറ്റീവുകൾ ആയുർവേദ മരുന്നുകളിൽ ചേർക്കുന്നതിന് 2011 മേയ് മാസം മുതൽ അനുവദിച്ച സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - ലൈബ്രറിയിൽ ലഭ്യമാണ്